ഇ മ
ഇ - മാഗസീൻ
ഗവ:വി എച്ച് എസ് എസ് വീരണകാവ്
ലിറ്റിൽ കൈറ്റ്സ്
2018-19

ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ വീരണകാവ്



"നിങ്ങളുടെ വിശ്വാസങ്ങൾ നിങ്ങളുടെ ചിന്തകളാകുന്നു. ചിന്തകൾ വാക്കുകളും വാക്കുകൾ പ്രവർത്തികളും പ്രവർത്തികൾ മൂല്യങ്ങളുമാകുന്നു.നിങ്ങളുടെ മൂല്യങ്ങളാണ് നിങ്ങളുടെ വിധിയാകുന്നത്"

വീരണകാവ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽകൈറ്റ്സ് യൂണിറ്റിലെ കുണക്കുട്ടികളുടെ **ഇമ** എന്ന ഈ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.

ഷീല എസ്
ഹെഡ്മിസ്ട്രസ്

പ്രീയ വിദ്യാർത്ഥികളേ,

ഒരു വ്യക്തിയുടെ മനസ്സിലെ സത്യം, സൗന്ദര്യം, സ്നേഹം നൻമ എന്നിവയെല്ലാം ഒത്തുചേരുന്നതാണ് സർഗാത്മകത. സമൂഹവും, സംസ്കാരവും, പ്രകൃതി പാഠങ്ങളും ആ പ്രക്രിയയുടെ ഭാഗങ്ങളുമാണ്. ഇതെല്ലാം ഒത്തുചേർന്ന് ഒന്നായിത്തീരുന്ന വ്യക്തിത്വ വികസനമാണല്ലോ വിദ്യാഭ്യാസം. വിദ്യ അഭ്യസിക്കുന്നതിലൂടെ ശാരീരികവും മാനസികവുമായ വികാസം ഒരുവനിൽ സംജാതമാകണമെന്നത് നമ്മുടെപ്രീയ ഗുരുനാഥനായ മഹാത്മാഗാന്ധി നൽകിയ മഹത്തായസന്ദേശമാണല്ലോ. ആ ലക്ഷ്യം പ്രാവർത്തികമാക്കന്നതിന്റെ ക്രമസംവിധാനങ്ങളാണ് നമ്മുടെ പാഠ്യപദ്ധതികളിൽ ഉൾചേർത്തിട്ടുള്ളത്. അതിനുള്ള തുടക്കമായിത്തീരട്ടെ **ഇമ**-

ആശംസകളോടെ
സൂസൻ വിൽഫ്രഡ്
പ്രിൻസിപ്പാൾ

എന്നും കാലഘട്ടത്തിനപ്പുറം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് ഇന്നത്തെ തലമുറയാണ്. ഇന്നത്തെ കുട്ടികളാണ് നാളത്തെ ഇന്ത്യ എന്ന ഉത്തമ ബോധത്തോടെയാണ് ഇന്ന് ഐ.റ്റി. മേഖല കുട്ടികളുടെ മുന്നിൽ തുറന്നു കൊടുക്കുന്നത്. ഇന്ന്ഏത് മേഖലയും കമ്പ്യൂട്ടർ നിയന്ത്രണത്തിലാണ്. ആയതുകൊണ്ടുതന്നെ നമ്മുടെ കുട്ടികൾ കമ്പ്യൂട്ടർ യുഗത്തിലെ സാധ്യതകൾ അറിയാതിരിക്കുവാൻ പാടില്ല. എന്നാൽ സൈബർ ലോകത്തിൽ തെറ്റിനേക്കാൾ കൂടുതൽ ശരിയെ മനസ്സിലാക്കി കൊടുക്കുന്നതിന് ഈ ഡിജിറ്റൽ മാഗസിൻ പ്രയോജനപ്പെടട്ടെ. ഇതിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും നേതൃത്വം നൽകിയ ശ്രീജറ്റീച്ചറിനും,കുമാരി രമ റ്റീച്ചറിനും ഹൃദയംനിറഞ്ഞ ആശംസകൾ

ജോർജ്ജ് ഡി

സ്കൂൾ പി.റ്റി.എ. പ്രസിഡന്റ്

SALIM
S M D C CHAIRMAN



DEEPA WARRIER
MOTHER P T A PRESIDENT

സ്കൂളിലെ അധ്യാപകരും അനധ്യാപകരും

PRE-PRIMARY SECTION

L.P. SECTION TEACHERS

U. P. SECTION TEACHERS

H S SECTION TEACHERS

V H S E SECTION TEACHERS



CWSN SECTION STAFF

Editorial Board.....

Sheela S(HM)

Susan Wilfred(Principal)

Suresh Kumar

Biju E R

Dr.Priyanka P U

Shine V S

Licy R



Bijukumar (VHSE)

Sreeja S

Rani S

Kumari Rema

Adithyan U

Athira L

Jishnu C S

ഇത് 'ഇ' എഴുത്തിന്റെ 'ഇ' വായനയുടേയും കാലം. അവനവൻതന്നെ പ്രസാധനാകുന്നു. ഭാവനയും സാങ്കേതിക വിദ്യയും സമന്വയിപ്പിച്ച് നമ്മുടെ കുട്ടികളും കാലത്തിന് മുന്നേ സഞ്ചരിക്കുന്നു. ലിറ്റിൽകൈറ്റ്സ് സ്കൂൾ യൂണിറ്റിലെ കുട്ടികൾ 'ഇ' മാഗസിനിലൂടെ നമുക്ക് പുതിയ കാലത്തിലേയ്ക്ക് വഴി കാട്ടിത്തരുന്നു. കഥകൾ, കവിതകൾ, ലേഖനങ്ങൾ, ചിത്രങ്ങൾ തുടങ്ങിയ സർഗാത്മക പ്രകടനങ്ങളും 'ഇ' താളുകളിൽ കുറിച്ചിട്ട നമ്മുടെ കുട്ടികൾക്ക് എല്ലാ വിധ ആശംസകളും..... 'ഇ' വായനയിലേയ്ക്ക് ക്ഷണിച്ചുകൊണ്ട് ഈ മഹത്തായ സൃഷ്ടിയെ നിങ്ങൾക്കായി സമർപ്പിക്കുന്നു.....

സുരേഷ് കുമാർ ജെ.
ചീഫ് എഡിറ്റർ

ഞങ്ങൾ ഇവരിൽ അഭിമാനിക്കുന്നു

അധ്യാപക അവാർഡ് നേടിയ
ശ്രീജ(എച്ച്.എസ്സ്.എ. ഹിന്ദി)

പുസ്തകാസ്വാദനത്തിൽ സംസ്ഥാനതല സമ്മാനം നേടിയ ആര്യ റ്റി എസ്

തമിഴ്നാട്ടിൽ വച്ചുനടന്ന നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച
ഷെറിൻ സത്യൻ

നാൾവഴികളിലൂടെ.....

അനന്തപുരിയുടെ ദക്ഷിണകോണിൽ അഗസ്ത്യാർ മലയുടെ താഴ്വരയിൽ സ്ഥിതി ചെയ്യുന്ന **വീരണകാവ്** എന്ന ഗ്രാമം ഭൂമിശാസ്ത്രപരമായി മൂന്ന് മലയോര ഗ്രാമങ്ങളുടെ സംഗമ സ്ഥാനമാണ്. ഈ ഗ്രാമങ്ങളുടെ സംസ്കാര സ്രോതസ്സായി നിലകൊള്ളുന്ന ഈ സ്കൂളിന് നൂറ്റാണ്ടിലേറെ പഴക്കമുണ്ട്.

ആദ്യകാലത്ത് കാഞ്ഞിരത്തിന്റെ ചുവട്ടിൽ പ്രവർത്തിച്ചിരുന്ന കുടിപ്പള്ളിക്കൂടം കാഞ്ഞിരമൂട് കുടിപ്പള്ളിക്കൂടം എന്നറിയപ്പെട്ടു. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ കാഞ്ഞിരമൂട് കുടിപ്പള്ളിക്കൂടം ലോവർ പ്രൈമറി സ്കൂളായി ഉയർത്തപ്പെട്ടു.

ഉറവ വറ്റാത്ത ജലസ്രോതസായ വലിയകുളത്തിന്റെ തീരത്ത് സ്ഥിതിചെയ്യുന്നത് കാരണം **പെരുങ്കുളം** എൽ.പി.എസ്സ് എന്ന പേരിൽ അറിയപ്പെട്ടു. പിന്നീട് കുളത്തിലെ വെള്ളം വറ്റിയപ്പോൾ പട്ടകുളം എന്നായി സ്ഥലനാമം. ആ കാലഘട്ടത്തിൽ അഞ്ച് കിലോമീറ്റർ ചുറ്റളവിലെ എക വിദ്യാലയമായിരുന്ന ഇത്. 1951 ൽ അപ്പർ പ്രൈമറി സ്കൂളായി ഉയർത്തി.

തങ്ങളുടെ കുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് വിദൂരസ്ഥലങ്ങളിൽ പോകേണ്ടസ്ഥിതി ഉണ്ടായിരുന്നതിനാൽ മുൻ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ സുകുമാരൻ നായരുടെ അധ്യക്ഷതയിൽ ഗ്രാമവാസികൾ അപ്ഗ്രേഡിംഗ് കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റിയുടെ നേതൃത്വത്തിൽ പഞ്ചായത്തിൽ നിന്നും ഗ്രാമവാസികളിൽ നിന്നും ധനസമാഹരണം നടത്തി. സ്വരൂപിച്ച തുകകൊണ്ട് കാർത്തിക പറമ്പിൽ വീട്ടിൽ ശ്രീ സോമൻ നായരുടെ ഉടമസ്ഥതയിലുള്ള ഒരു ഏക്കർ ഭൂമി വാങ്ങുകയും അതിൽ ഒരു കെട്ടിടം പണികഴിപ്പിക്കുകയും ചെയ്തു. 1980-81കാലഘട്ടത്തിൽ ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചതോടെ ഗവ :ഹൈസ്കൂൾ വീരണകാവ് എന്നായി പേര് മാറി. മാത്രവുമല്ല സ്കൂൾ സ്ഥിതി ചെയ്തിരുന്ന പെരുംകുളം വില്ലേജ് പെരുംകുളം, വീരണകാവ് എന്നീ രണ്ടു വില്ലേജുകളായി തിരിച്ചു.

ഏക്കർകണക്കിന് വ്യാപിച്ചു കിടക്കുന്ന **അയ്യപ്പൻകാവിൽ നിന്നാണ്** വീരണകാവ് എന്ന പേര് ലഭിച്ചത്. 1990-ലാണ് സ്കൂളിൽ വി.എച്ച്.എസ്സ്.ഇ. വിഭാഗം പ്രവർത്തനം ആരംഭിച്ചത്. സ്കൂളിലെ ഗ്രാമീണ സാഹചര്യങ്ങൽക്കനുസൃതമായി രണ്ട് അഗ്രിക്കൾച്ചറൽ കോഴ്സുകൾ ആണ് ആദ്യം നിലവിൽ വന്നത്. 2002-03 വർഷം വി. എച്ച്. എസ്. ഇ. വിഭാഗത്തിൽ രണ്ടും മൂന്നും റാങ്കുകൾ നമ്മുടെ സ്കൂളിലെ ചന്ദ്രവീണ,ഗീത ചന്ദ്ര എന്നീ വിദ്യാർത്ഥിനികൾ കരസ്ഥമാക്കി.

പ്രവർത്തന റിപ്പോർട്ട്

അക്കാദമിക അനക്കാദമിക ഇതര മേഖലകളിൽ പ്രകടമായ മികവു പുലർത്തുന്ന വിദ്യാലയമാണ് നമ്മുടേത്. കാലത്തിനനുസരിച്ച് പുതുമയുടെയും മൂല്യങ്ങളെ അടിസ്ഥാനമാക്കി പഴമയുടെയും പൈതൃകം കാത്തു സൂക്ഷിക്കുന്ന വിദ്യാലയമാണ് നമ്മുടേത്. ഗ്രാമീണ മേഖലയിൽ നിന്നെത്തുന്ന കുട്ടികൾക്ക് പര്യാപ്തമായ രീതിയിൽ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിൽ സ്കൂൾ കൈവരിച്ച നേട്ടം എടുത്തു പറയത്തക്കതാണ്. സമ്പൂർണ്ണ ഗാന്ധിദർശൻ വിദ്യാലയം ആയി പ്രഖ്യാപിച്ചിട്ടുള്ള ഈ സ്കൂൾ 2016 ൽ ഗാന്ധിദർശന്റെ മൂന്ന് അവാർഡുകൾ കരസ്ഥമാക്കി. ഹൈടെക് ക്ലാസ് റൂമുകൾ സ്കൂളിന്റെ ഏറ്റവും പ്രധാന മികവുകളിലൊന്നായി നമുക്കിന്ന് എടുത്തുപറയാം. ആയിരത്തിലധികം വിദ്യാർഥികൾ പഠിക്കുന്ന ഈ സ്കൂളിൽ അൻപതിലധികം അധ്യാപക അനധ്യാപകർ ജോലി ചെയ്യുന്നു.

അക്കാദമിക അനുബന്ധ പ്രവർത്തനങ്ങളായ മധുരം മലയാളം ,ഹലോ ഇംഗ്ലീഷ്, ലളിതം ഗണിതം, ശ്രദ്ധ, വിദ്യജ്യോതി എന്നിവ സജീവമായി പ്രവർത്തിച്ചു വരുന്നു. ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്, വിദ്യാരംഗം ക്ലബ്ബ് ,ഗണിത ക്ലബ് ,സയൻസ് ക്ലബ്ബ്,സോഷ്യൽ സയൻസ് ക്ലബ്ബ്, ഇംഗ്ലീഷ് ക്ലബ്ബ്, ഹിന്ദി മഞ്ച്, ജൈവ വൈവിധ്യ ക്ലബ്ബ് , ഗാന്ധിദർശൻ ഇക്കോ ക്ലബ് ,സീഡ് ക്ലബ്, ലഹരി വിരുദ്ധ ക്ലബ് ,ഫിലിം ക്ലബ്, എന്നിവ സജീവമായിപ്രവർത്തിച്ചു വരുന്നു. ശാസ്ത്രമേള ,കാർഷികമേള, ഫുഡ് ഫെസ്റ്റിവൽ, ഫിലിം ഫെസ്റ്റിവൽ എന്നിവ എല്ലാ വർഷവും നടത്തുന്നു. ശുചീകരണ പ്രവർത്തനങ്ങൾ സജീവമായി നടപ്പിലാക്കി വരുന്നു. സ്കൂളിലെ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് അടുത്തുള്ള പ്ലാസ്റ്റിക് സംസ്കരണ ശാലയിൽ നൽകുന്നു. ഫിലിം ക്ലബ്ബിന്റെ നേതൃത്വത്തിൽ DEMERIT എന്ന സിനിമ വിജയകരമായി പൂർത്തിയാക്കി. വി.എച്ച്.എസ്. സി വിഭാഗത്തിന്റെ നേതൃത്വത്തിൽ കാർഷികപ്രവർത്തനങ്ങൾ ഭംഗിയായി നടന്നു വരുന്നു. ഈ വർഷം ക്ലൗ കൃഷിയും വിജയകരമായി പരീക്ഷിച്ചു. എൻ. സി. സി. , എൻ. എസ്. എസ്. എന്നിവയുടെ പ്രവർത്തനവും നല്ലരീതിയിൽ നടന്നു വരുന്നു.

ക്ളബ്ബ് പ്രവർത്തനങ്ങൾ

എസ്സ്.എസ്സ്. ക്ളബ്ബ്

എസ്സ്. എസ്സ്. ക്ളബ്ബിന്റെ പ്രവർത്തനങ്ങൾ **ലിസി റ്റീച്ചറിന്റെനേതൃത്വത്തിൽ** എല്ലാ വ്യാഴാഴ്ചയും 12.45 മുതൽ 1.15 വരെ മീറ്റിംഗ് നടന്നു വരുന്നു. ഹിരോഷിമാദിനാചരണം, പരിസ്ഥിതിദിനം, മനുഷ്യാവകാശദിനം, ഭരണഘടനാദിനം, മുതലായ ദിനാചരണങ്ങൾ ക്ളബ്ബിൽ നടത്തുന്നു. ക്വിസ്സ്, ഉപന്യാസം, പോസ്റ്റർ രചനാ മത്സരങ്ങൾ നടത്തുകയുണ്ടായി. സാമൂഹ്യശാസ്ത്രവുമായിബന്ധപ്പെട്ട വീഡിയോകളുടെ പ്രദർശനം കുട്ടികൾക്ക് രസപ്രദവും വിജ്ഞാനദായകവുമാണ്.

ഇക്കോ ക്ലബ്

വർഷങ്ങളായി സ്കൂളിൽ പ്രവർത്തിച്ചു വരുന്ന ക്ലബ് ആണ് ഇക്കോ ക്ലബ്. ഇതിന്റെ ഭാഗമായി സ്കൂളിൽ പൂന്തോട്ടം നിർമ്മിക്കുകയും പരിപാലിച്ചു വരികയും ചെയ്യുന്നു. പ്രകൃതിയുമായി ബന്ധപ്പെട്ട എല്ലാ ദിനാചരണങ്ങളും സ്കൂളിൽ ആഘോഷിക്കുന്നത് ഇക്കോ ക്ലബിന്റെ ഭാഗമായാണ് .കുട്ടികൾക്കുള്ള പ്രകൃതി സംരക്ഷണ ബോധവൽക്കരണ പരിപാടികൾ ഇതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു .

ജൈവവൈവിധ്യ ക്ലബ് & ജൈവവൈവിധ്യ പാർക്ക്

2017 ൽ പ്രവർത്തനം ആരംഭിച്ച ക്ലബ് ആണ് ജൈവവൈവിധ്യ ക്ലബ്. ഇതിന്റെ ഭാഗമായി ഒരു ജൈവവൈവിധ്യ പാർക്ക് നിർമ്മിച്ച് സംരക്ഷിച്ചു വരുന്നു. പത്താം ജൈവവൈവിധ്യ കോൺഗ്രസ്സിൽ നമ്മുടെ സ്കൂൾ **ഹൈസ്കൂൾ വിഭാഗം ചിത്രരചനയിൽ ഒന്നാം സ്ഥാനവും പ്രൊജക്ട് അവതരണത്തിൽ രണ്ടാം സ്ഥാനവും** നേടുകയുണ്ടായി. അപൂർവ്വങ്ങളായ സസ്യങ്ങളും കുളവും ജൈവവൈവിധ്യ പാർക്കിന്റെ പ്രത്യേകതയാണ്.വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ ഇവിടെ സംരക്ഷിച്ചുവരുന്നു.വാനില,വിവിധതരംഓർക്കിഡുകൾ,ഔഷധ സസ്യങ്ങൾ, വംശനാശഭീഷണി നേരിടുന്ന സസ്യങ്ങൾ, ജലസസ്യങ്ങൾ,കള്ളിമുൾ ചെടികൾ ഗാർഡൻ എന്നിവഇതിന്റെ പ്രത്യേകതകൾ ആണ്.

Eco club activities

ബയോവൈവിധ്യ പാർക്ക്
നിർമ്മാണം

ഗാന്ധിദർശൻ

വളരെ സജീവമായി ഗാന്ധിദർശൻ നടക്കുന്ന സ്കൂൾ ആണ് ഇത് . ഈ സ്കൂളിനെ സമ്പൂർണ്ണ ഗാന്ധിദർശൻ സ്കൂൾ ആയി 2016 ൽ പ്രഖ്യാപിച്ചു. സ്കൂളിലെ ശുചീകരണ പ്രവർത്തനത്തിന് ആവശ്യമായ മുഴുവൻ ലോഷനും നിർമ്മിക്കുന്നത് ഗാന്ധിദർശൻ ആണ്. 2016 ൽ മികച്ച ഗാന്ധിദർശൻ വിദ്യാലയതിനുള്ള അവാർഡ് ലഭിക്കുകയുണ്ടായി. അതേവർഷം മികച്ച ഗാന്ധിദർശൻ അധ്യാപികയ്ക്കുള്ള അവാർഡും മികച്ച ഗാന്ധി ആൽബത്തിനുള്ള അവാർഡും ലഭിച്ചു. ഗാന്ധിദർശൻ സബ് ജില്ല കലോത്സവത്തിൽ കവിതരചനയിൽ യു. പി. വിഭാഗത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു.

ലിറ്റിൽ കൈറ്റ്സ്(ഐ.റ്റി. ക്ളബ്ബ്)

ലിറ്റിൽ കൈറ്റ്സിന്റെ യൂണിറ്റ്തല ഉത്ഘാടനം സ്കൂൾ പി.റ്റി.എ.പ്രസിഡന്റ് ശ്രീ. മണികണ്ഠൻ നിർവ്വഹിച്ചു. കൈറ്റ്സ് പ്രോജക്ട് ആഫീസ് നടത്തിയ യോഗ്യതാ പരീക്ഷയുടെ അടിസ്ഥാനത്തിലാണ് അംഗങ്ങളെ തെരഞ്ഞെടുത്തത്. ഒൻപതാം ക്ളാസ്സിലെ 32 കുട്ടികളാണ് ഇതിൽ അംഗങ്ങളായിട്ടുള്ളത്. ജൂൺ മാസം മുതൽ ക്ളാസ്സുകൾ ആരംഭിച്ചു. എല്ലാ ആഴ്ചയും ബുധനാഴ്ച ദിവസം വൈകുന്നേരം 3.30 മുതൽ 4.30 വരെ കൈറ്റ്സ് മിസ്ട്രസ്സുമാരുടെ നേതൃത്വത്തിൽ ക്ളാസ്സുകൾ നടക്കുന്നു.

ജൂൺ, ജൂലൈ മാസങ്ങളിൽ അനിമേഷൻ വിഭാഗത്തിൽ പരിശീലനം നൽകുകയുണ്ടായി. കുട്ടികൾ ഈ വിഭാഗത്തിൽ ജിംപ്, ഇങ്ക്സ്കേപ്പ്, റ്റുപ്പി റ്റ്യൂബ് ഡെസ്ക്, ഓപ്പൺ ഷോട്ട് വീഡിയോ എഡിറ്റർ, എന്നിവയിലൂടെ വീഡിയോ എഡിറ്റിംഗ്, ഷോട്ട് ഫിലിം നിർമ്മാണം എന്നിവ തയ്യാറാക്കി. ആഗസ്റ്റ്മാസം കുട്ടികൾക്ക് സ്കൂൾതല ക്യാംപ് അനിമേഷൻ വിഭാഗത്തിൽ നടത്തി. ജിഷ്ണു. സി.എസ്സ്. വരച്ച് അനിമേഷൻ ചെയ്ത **കുഞ്ഞനുറുമ്പും മുട്ടനുറുമ്പും** എന്ന ഹ്രസ്വചിത്രം വളരെ ശ്രദ്ധയാകർഷിച്ചിരുന്നു. തുടർന്ന് മലയാളം കംപ്യൂട്ടിംഗ്,സ്കൂരാച്ച്, എന്നീ വിഭാഗങ്ങളിൽ പരിശീലനം നടത്തുകയുണ്ടായി. ലിറ്റിൽ കൈറ്റ്സിന്റെ സബ് ജില്ലാതല ക്യാംപ് നടത്തുവാനും നമ്മുടെ സ്കൂളിന് സാധിച്ചു. സബ് ജില്ലാതലത്തിൽ ജിഷ്ണു, റോഷൻ, ആദിത്യൻ, സ്വപ്നാജോയ് അനഘനന്ദ, അഭിരാമി, കാവ്യ, എന്നീ കുട്ടികൾ പങ്കെടുക്കുകയുണ്ടായി.





ലിറ്റിൽ കൈറ്റ്സിന്റെ സബ്ജില്ലാതല ക്യാമ്പ്

മാതൃഭൂമി സീഡ് ക്ലബ്

മാതൃഭൂമി സീഡ് ക്ലബ് സജീവമായി പ്രവർത്തനം ആരംഭിച്ചത് 2018 ൽ ആണ്. സീഡിന്റെ പ്രവർത്തനങ്ങളായ പൂമ്പാറ്റകളെ തിരിച്ചറിയൽ , പൂമ്പാറ്റയുടെ ജീവിതചക്രം നിരീക്ഷിക്കൽ, ചെടികളും പൂമ്പാറ്റകളും ആയുള്ള ബന്ധം, നാട്ടുപൂക്കളെ കുറിച്ചുള്ള അറിവുകൾ, ചക്കയെകുറിച്ച് കൈയെഴുത്ത് പത്രം, പ്ലാവിനെകുറിച്ചുള്ള സർവ്വെ, മാവിനെ കുറിച്ചുള്ള സർവ്വെ, കണിക്കൊന്നയുടെ പൂവിടൽ കാലം നിരീക്ഷിക്കൽ, നാട്ടുമാവിൻ തൈ വിതരണം, മരങ്ങളുടെ പൂക്കാലം രേഖപ്പെടുത്തൽ, പഴങ്ങളെ കുറിച്ചുള്ള പഠനം, നാട്ടറിവ് ശേഖരണം, ഭക്ഷ്യമേള, കാർഷികമേള, പരിസ്ഥിതി പഠന റിപ്പോർട്ട്, പ്ലാസ്റ്റിക് നിയന്ത്രിത വിദ്യാലയം, ഒരു പരിപാടിയിലും ഫ്ലക്സ് ഉപയോഗിക്കാതിരിക്കൽ എന്നിവ വിദ്യാലയത്തിൽ നടപ്പിലാക്കി. നാഷണൽ സെന്റർ ഫോർ ബയോളജിക്കൽ സയൻസ്, സീസൺ വാച്ച് എന്ന ദേശീയ പരിപാടിയുടെ ഭാഗമായി ഭാരതത്തിലാകമാനം നടത്തിയ Winter Tree Quest, 2018 മത്സരത്തിൽ നമ്മുടെ സ്കൂൾ മൂന്നാം സ്ഥാനത്ത് എത്തി. മാതൃഭൂമി സീഡിന്റെ ഭാഗമായി ചിത്രശലഭങ്ങളെ കുറിച്ച് ഒരു ഡോക്യുമെണ്ടറി തയ്യാറാക്കി വരുന്നു .



ഡോക്യുമെന്ററിയുടെ സ്ക്രീൻ ഷോട്ട്

സീസൺ വാച്ച്

ഹിന്ദി മഞ്ച്

നമ്മുടെ രാഷ്ട്രഭാഷയായ ഹിന്ദിയിൽ കുട്ടികൾ മികവ് പുലർത്തുന്നു. സബ്ജില്ലാതല മത്സരങ്ങളിൽ കുട്ടികൾ മികച്ച പ്രകടനമാണ് കാഴ്ച വച്ചത്. ശ്രീജ റ്റീച്ചറാണ് ഹിന്ദി മഞ്ചിന് നേതൃത്വം നൽകുന്നത്.

ഇംഗ്ളീഷ് ക്ളബ്ബ്

ഇംഗ്ളിഷ് ക്ളബ്ബിന്റെ കുട്ടികൾ വൃദ്ധസദനം സന്ദർശിച്ചു, വൃദ്ധസദനത്തിലെ അന്തേവാസികൾക്ക് ഭക്ഷണം വിളമ്പുകയും അവരോടൊപ്പമിരുന്ന് ഭക്ഷണം കഴിക്കുകയും ചെയ്തു. ബിജു സാർ ഈ ക്ളബ്ബിന്റെ ചുമതലയേറ്റെടുത്തിരിക്കുന്നു.

എൻ.സി.സി.

കുട്ടികളുടെ ദേശസ്നേഹം വളർത്തുക, സൈനിക സേവനത്തിന്റെം പ്രാധാന്യം വിളിച്ചോതുക, അച്ചടക്കം, ഐക്യബോധം തുടങ്ങിയ മൂല്യങ്ങൾ വളർത്തിയെടുക്കുക എന്നിവ മുന്നിൽ കണ്ടുകൊണ്ട് നമ്മടെ സ്കൂളിലും എൻ.സി.സി. വളരെ കൃത്യതയോടെ നടത്തിപ്പിലാക്കുന്നു. പി.ഇ.റ്റി. അധ്യാകനായ ശ്രീ ഷൈൻ സാറാണ് ഇതിന്റെ ചുമതലയേറ്റെടുത്തിരിക്കുന്നത്.

എൻ.എസ്.എസ്.

നമ്മുടെ സ്കൂളിൽ എൻ.എസ്.എസ്. യൂണിറ്റ് ഊർജ്ജസ്വലതയോടെ പ്രവർത്തിച്ചുവരുന്നു. വ്യക്തിത്വ വികസനം സാമൂഹ്യസേവനത്തിലൂടെ എന്നതാണ് എൻ. എസ്.എസിന്റെ ആപ്തവാക്യം. വി.എച്ച്.എസ്സ്. ഈ. അധ്യാപകനായ ശ്രീ. പ്രമോദ് സാർ എൻ. എസ്. എസ്. യൂണിറ്റിന്റെ പ്രോഗ്രാം ആഫീസർ ആയി പ്രവർത്തിച്ചുവരുന്നു.

ഫിലിം ക്ലബ്

2018-19 ൽ ആണ് ഈ സ്കൂളിൽ ഫിലിം ക്ലബ് ആരംഭിച്ചത്. തിരുവനന്തപുരം ജില്ലാ പഞ്ചായത്തും ഡയറ്റും സംയുക്തമായി രണ്ടു വിദ്യാർഥികൾക്കും ഒരു അധ്യാപികയ്ക്കും ഷോർട്ട് ഫിലിം നിർമ്മാണത്തിനായി പരിശീലനം നൽകി. ഫിലിം ക്ലബിന്റെ ഭാഗമായി പഠന സഹായത്തിന് ഉതകും വിധം ഉള്ള സിനിമയുടെ ഭാഗങ്ങളുടെ ഒരു ശേഖരം ഡിജിറ്റൽ രൂപത്തിൽ ലഭ്യമായിട്ടുണ്ട്.ഫിലിം ക്ലബിന്റെ ഭാഗം ആയി DEMERIT എന്ന ഷോർട്ട് ഫിലിം നിർമ്മിച്ചു.

സയൻസ് ക്ലബ്

സ്കൂളിൽ വർഷങ്ങളായി സജീവമായി പ്രവർത്തിക്കുന്ന ക്ലബ് ആണ് സയൻസ് ക്ലബ്. എല്ലാ വർഷവും സ്കൂൾ തലത്തിലെ ശാസ്ത്ര മേള നടക്കുന്നത് സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിലാണ്. സയൻസ് ക്ലബിന്റെ ഭാഗമായി ഭക്ഷ്യമേള, കാർഷിക മേള എന്നിവ സംഘടിപ്പിക്കുകയുണ്ടായി. ശ്രീമതി.ശ്രീജ റ്റീച്ചറാണ് ഇതിന്റെ കണവീനർ ആയി പ്രവർത്തിക്കുന്നത്

വിദ്യാരംഗം ക്ലബ്

വൈവിധ്യമായ പ്രവർത്തനങ്ങൾ നടത്തുന്ന ക്ലബ് ആണ് വിദ്യാരംഗം ക്ലബ്. ലയാളത്തിലെ എല്ലാ എഴുത്തുകാരുടെയും പ്രധാന ദിവസങ്ങൾ ഈ ക്ലബ്ബിന്റെ ഭാഗമായി ആചരിക്കാറുണ്ട്. വിദ്യാർഥികൾക്കായി എല്ലാ ആഴ്ചയും ആസ്വാദനക്കുറുപ്പ് തയ്യാറാക്കുന്ന മത്സരം നടത്താറുണ്ട്. ഓണത്തിന് ഒരു കൈയെഴുത്ത് മാസിക തയ്യാറാക്കി. ശ്രീമതി.റാണി റ്റീച്ചറാണ് ഇതിന്റെ കണവീനർ ആയി പ്രവർത്തിക്കുന്നത്

ഗണിത ക്ളബ്ബ്

ഗണിതക്ളബ്ബിന്റെ ചുമതല വഹിക്കുന്നത് ശ്രീ സുരേന്ദ്രൻ സാർ ആണ്. സബ് ജില്ലാതല മത്സരങ്ങളിൽനമ്മുടെ മിടുക്കരായ കുട്ടികൾ സമ്മാനങ്ങൾ നേടുകയുണ്ടായി. ജില്ലാതല മത്സരത്തിൽ പത്താം ക്ളാസ്സിലെ അതുൽകൃഷ്ണ അപ്ളൈഡ് കണ്സ്ട്രക്ഷന് ബി ഗ്രേഡ് നേടുകയുണ്ടായി.

സ്കൂൾ പാർലമെന്റ് 2018-19

രഹന എസ്.	ചെയർപേഴ്സൺ
ഗീതുകൃഷ്ണ ആർ ജി	വൈസ്ചെയർപേഴ്സൺ
അഖിൽ വി ബി	സെക്രട്ടറി
ഹരികൃഷ്ണൻ ജി എസ് .	ജോയിന്റ്സെക്രട്ടറി
ജയലക്ഷ്മി എസ്	ആർട്സ് ക്ളബ്ബ് സെക്രട്ടറി
അഞ്ജിമ എം എ	ജോയിന്റ് ആർട്സ് ക്ളബ്ബ് സെക്രട്ടറി
പ്രിൻസി എസ്. അർ	സ്പോർട്സ് ക്ളബ്ബ് സെക്രറി
നന്ദു വി	ജോയിന്റ് സ്പോർട്സ് ക്ളബ്ബ് സെക്രട്ടറി
ദിയ എം വാര്യർ	ലിറ്റററി ക്ളബ്ബ് സെക്രട്ടറി
അനന്തു വി എസ്.	ജോയിന്റ് ലിറ്റററി ക്ളബ്ബ് സെക്രട്ടറി

ലിറ്റിൽ കൈറ്റ്സ് - ഹൈടെക്ക് ക്ലാസ്സ്റൂം സംരക്ഷകർ

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഗുണനിലവാരമുള്ള വിദ്യാഭ്യാസം എല്ലാകുട്ടികൾക്കും ലഭ്യമാക്കുന്നതിനായി കേരളത്തിലെ എല്ലാ പൊതുവിദ്യാഭ്യാസസ്ഥാപനങ്ങളും(ഹൈസ്ക്കൂൾഹയർസെക്കന്ററി ക്ലാസ്സ്റൂമുകൾ) ഹൈടെക്ആയി മാറ്റിയിരിക്കുകയാണ്. ഈസാഹചര്യത്തിൽ കുട്ടികളുടെ ഐ.സി.ടി നൈപുണികളും അധികപഠനത്തിനുള്ള സാധ്യതകളും വികസിപ്പിച്ചെടുക്കേണ്ടതായിട്ടുണ്ട്. പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകൾക്കപ്പുറം സാങ്കേതിക വിദ്യയോടുള്ള പുതിയ തലമുറയുടെ ആഭിമുഖ്യം ഗുണപരമായുംസർഗാത്മപരമായും പ്രയോജനപ്പെടുത്തുന്നതിനായി സ്കൂൾ തലത്തിൽ ആവിഷക്കരിച്ച പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. ഇതിനെ ഒരു ഐ.റ്റി. കൂട്ടായ്മയായും നമുക്ക് വിശേഷിപ്പിക്കാം.

ഗവ.വി.എച്ച്.എസ്സ്. എസ്സ്. വീരണകാവ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൽ ഒൻപതാം സ്റ്റാൻഡേർഡിൽ 32 കുട്ടികളാണ് അംഗങ്ങളായിട്ടുള്ളത്. അംഗങ്ങൾക്ക് അനിമേഷൻ, മലയാളം കംപ്യൂട്ടിംഗ്, പ്രോഗ്രാമിംഗ്, ഹാർഡ് വെയർ, എന്നീ മേഖലകളിൽ പരിശീലനം നൽകിവരുന്നു. മലയാളം കംപ്യൂട്ടിംഗിന്റെ ഭാഗമായി കുട്ടികൾക്ക് നൽകിയ പ്രവർത്തനമാണ് "ഇ" മാഗസിൻനിർമ്മാണം ലിബറേഷൻ ഓഫീസ് റൈറ്റർ, ജിംപ്, ഡ്രോ, എന്നീസോഫ്റ്റ് വെയറുകളാണ് ഈ മാഗസിന്റെ നിർമ്മാണത്തിനായി ഉപയോഗിച്ചത്. സ്കൂൾ സമയത്തിനുള്ളിലെ ഒഴിഞ്ഞ വേളകളിലും സ്കൂൾ സമയത്തിന് ശേഷമുള്ള സാധ്യമായ സമയങ്ങളിലുമാണ് കുട്ടികൾ ഈമാഗസിന്റെ പ്രവർത്തനം പൂർത്തിയാക്കിയത്. ലിറ്റിൽകൈറ്റ്സ് യൂണിറ്റിന്റെ ഇമ എന്ന ഈ മാഗസിൻ ഹൃദ്യമായ ഒരുഅനുഭവം വായനക്കാരിൽ ഉണ്ടാക്കുമെന്ന് പ്രതീക്ഷിക്കുന്നു.....

കുമാരി രമ പി
കൈറ്റ്സ് മിസ്ട്രസ്സ്

ശ്രീജ എസ്.
കൈറ്റ്സ് മിസ്ട്രസ്സ്

ഉള്ളടക്കം

.....21
പെരുമഴ.....23
ഓണക്കാലം.....23
വള്ളത്തോളിന്റെ നിരൂപണങ്ങൾ - ഒരു പഠനം.....24
ഹരു അഭിരാമി 9A കവിത.....26
മനുഷ്യത്വം കഥ.....30
നാളേയ്ക്കു വേണ്ടിട്ടൊരു തുള്ളി.....33
സ്മൃതി കവിത.....35
കമ്പിളി നാരങ്ങ കഥ.....37
വായന മീനു വി ബി.....38
എഴുത്തച്ഛൻ.....38
ഓർമകളിൽ എന്റെ വിദ്യാലയം.....39
പഥികൻ.....40
ചിങ്ങപ്പൂവിളി വിഷ്ണു വാര്യർ 9 c.....41
പപ്പടം.....41
പരത്തിപ്പറഞ്ഞാൽ പപ്പടം.....41
ഐതീഹ്യ കഥ സ്വപ്ന ജോയ് 9B.....42
മുക്കുറ്റിപൂവ് ലിസി ആർ.....43
അമ്മ കഥ.....44
ആ യാത്ര.....45
മഞ്ഞപ്പൂക്കൾ.....48
മണ്ണ് - 49
കൗതുകവാർത്ത - വാഖാൻ ഇടനാഴി.....50
എന്തിനു മഴയീക്രൂരത..... വൈഷ്ണവി 8B.....51

വേഴാമ്പൽ പക്ഷികൾ അനഘ നന്ദ 9 A....53
പെൺകുട്ടി ലിസി ആർ....55
A DAUGHTER'S WISH....57
BOOK , MY FRIEND....57
TEACHER....58
PROVERBS Anjima. A.S....59
FEELING BEAUTY Anupama Anil....60
JUST FOR A FUN....60
WINGS OF THOUGHT....61
READING LEADS TO....62
DREAM OUR SELF....62
IT QUIZ....64
THE BROKEN LOVE....65
INTERNATIONAL DAY OF PEACE....65
THE THREE FRIENDS....66
IF TREES COULD SPEAK....67
LOSS OF PRIDE....68
HOW BEAUTIFUL THE NATURE!....70
VOCABULARY....70
INDEDPENDANCE DAY....71
HISTORY OF FRIDAY....72
SIGNIFICANCE OF NATIONAL ANTHEM....74
COMPUTER....76
Kitty Gail Ferguson....76
WHO AM I ?....78
Friendship....79
ममता कहानी....80
डॉ.ए.पी.जे. अब्दुल कलाम की जीवनी....82
प्रेमचन्द....82

പെരുമഴ

പെരുമഴ , പെരുമഴ പാടത്ത്
നിറഞ്ഞു കവിഞ്ഞു മഴവെള്ളം.
പാടവരമ്പുകൾ കാണാതായ്
തോടും പാടവുമൊന്നായി.

തുള്ളിച്ചാടിയ മീൻകൂട്ടം
കുമിളകൾ തീർത്തു വെള്ളത്തിൽ
നിൽക്കാനിത്തിരിയിടമില്ലാതെ
കൊറ്റികൾ ചുറ്റി വയലിനു മീതെ .

മഴയും കൊണ്ടു പാടത്തുടെ
കുളിർകാറ്റാടിനടക്കുന്നു
കിളികൾ ഇലയിൽ ചൂളിയിരുന്നു
മഴയിതു കണ്ടു രസിച്ചീടുന്നു.

ശ്രീലക്ഷ്മി

ഓണക്കാലം

ഓണം വന്നു..... ഓണം വന്നു ആനി
മാവേലിമന്നനെ വരവേൽക്കാൻ
പൂമഴ പൂക്കളം തീർക്കും ഗ്രാമം
ഓണക്കാലത്തിനായി കാത്തിരിപ്പൂ

ഓണക്കുടചൂടി എത്തിടുന്നു
മഹാബലി തമ്പുരാൻഎത്തിടുന്നു
പൊൻവെയിലും പൂനിലാവും
സന്തോഷം ആരവം മുകിടുന്നു

ഓമനക്കളമാകും പൊന്നുഷസ്സിൽ
ആനന്ദസ്മരണയിലാറാടി
കൗതുകമാകുന്ന വർണ്ണപ്പൂക്കൾ
പുഞ്ചിരിയോടിതാ നിന്നിടുന്നു

വള്ളത്തോളിന്റെ നിരൂപണങ്ങൾ - ഒരു പഠനം

ഡോ: പ്രിയങ്ക പി യു

മലയാള ഭാഷയുടെ ആത്മാവും, അന്തസത്തയും, ജ്ഞാനവു ഉൾക്കൊണ്ട കവിശ്രേഷ്ഠനാണ് വള്ളത്തോൾ. മലയാള കാവ്യലോകത്തെ പൂക്കൾ വിതറി ആരാമമാക്കി മാറ്റിയ മാതൃഭാഷാ സ്നേഹിയാണദ്ദേഹം.ജീവിത സമഗ്രതയുടെ ചിത്രം ചാരുതയുടെ നിറക്കൂട്ടിൽ ചാലിച്ചെടുത്തതാണ് വള്ളത്തോൾ കവിതകൾ. പുരാണ കൃതികളിലെ അസാമാന്യമായ ജ്ഞാനം ,പുരാണ കഥാപാത്രങ്ങളുടെ പുനരാവിഷ്കരണത്തിൽ നമുക്ക് ദർശിക്കാൻ കഴിയും. മനുഷ്യത്വം എന്ന വികാരത്തെ കവിതയിലൂടെ അനന്യസാധാരണമായ രീതിയിൽ ആവിഷ്കരിച്ച കവിതാ ശൈലി അദ്ദേഹത്തെ മനുഷ്യത്വത്തിന്റ കവിയാക്കി മാറ്റി.കവിതാ പ്രമേയമായി എന്തും ഏതും സ്വീകരിച്ച അദ്ദേഹം നാടിന്റ നന്മ ലക്ഷ്യമാക്കി കവിത കുറിച്ച മഹാത്മാവാണ്.ഏതു ബഹുമതിയെക്കാൾ പവിത്രത പിറന്ന മണ്ണിന്റ പ്രമുക്തിക്കുണ്ടെന്ന് അദ്ദേഹം തെളിയിച്ചു. മാതൃഭൂമിയുടെ പാരതന്ത്ര്യത്തെ കവിതകൊണ്ടും കർമ്മം കൊണ്ടും പ്രതിരോധിച്ച കവിശ്രേഷ്ഠനാണ് അദ്ദേഹം.

"ബന്ധുര കാഞ്ചന കൂട്ടിലാണെങ്കിലും ബന്ധനം ബന്ധനം തന്നെ പാരിൽ" എന്ന് ഉറക്കെ പ്രഖ്യാപിച്ചു കൊണ്ട് സ്വാതന്ത്ര്യത്തെ പുകഴ്ത്തിയ കവി, എല്ലാ ബന്ധങ്ങളുടെയും അതിർവരമ്പുകൾ ഭേദിച്ച് സർവ്വ സ്വാതന്ത്ര്യവും എടുത്താണ് നിരൂപണത്തിന്റ മേഖല കയ്യടക്കിയത്. എഴുത്തുകാരുടെ വലുപ്പചെറുപ്പം നോക്കാതെ ഉത്തമമായതിനെ പുകഴ്ത്തിയും മോശമായതിനെ നിശിതമായി വിമർശിച്ചും നിരൂപണത്തിൽ നൂറു ശതമാനം നീതി പുലർത്തിയ കവിശ്രേഷ്ഠനാണ് വള്ളത്തോൾ.അദ്ദേഹത്തിന്റ ആംഗലേയ ഭാഷയിലെ അഗാധമായ ജ്ഞാനം പരിഭാഷപ്പെടുത്തിയ കൃതികളെ നിരൂപണം ചെയ്തതിൽ നിന്ന് നമുക്ക് വായിച്ചെടുക്കാം.മലയാള ഭാഷയുടെ മുക്കും മൂലയും ആഴത്തിൽ തൊട്ടറിഞ്ഞതിന്റ പ്രതിഫലനവും അദ്ദേഹത്തിന്റ നിരൂപണങ്ങളിൽ സ്പഷടമാണ്.സാഹിത്യരചനകളുടെ നിരൂപണഘട്ടത്തിൽ ഒരു നിരൂപകൻ നിരൂപണത്തിനു വിധേയമാക്കേണ്ട സർഗ്ഗാത്മകത, ആസ്വാദ്യത, മൂല്യം എന്നിവയെ സസൂഷ്മം നിരീക്ഷണം നടത്തി നിരൂപണവിധേയമാക്കിയതാണ് അദ്ദേഹത്തിന്റ എല്ലാ നിരൂപണങ്ങളും.മലയാളനിരൂപണത്തിന്റെഅടിസ്ഥാനമാനദണ്ഡങ്ങളായ സാമൂഹ്യശാസ്ത്രം, മനശാസ്ത്രം, രൂപം,ആദിരൂപം, സൗന്ദര്യാത്മക എന്നിവയെല്ലാം വളരെ കർക്കശമായി അദ്ദേഹത്തിന്റ നിരൂപണങ്ങളിൽ കാണാം. "കൃതിയുടെ സ്വഭാവം സമൂഹത്തിനു നൽകുന്ന ഗുണദോഷങ്ങളുടെ നിഷ്കൃഷ്ട

പരിശോധനയിലൂടെയുള്ള വിലയിരുത്തലാവണം നിരൂപണം" എന്ന സി .പി അച്യുതമേനോന്റ അഭിപ്രായത്തെ പ്രതിഫലിപ്പിക്കുന്നതാണ് വള്ളത്തോളിന്റ നിരൂപണങ്ങൾ

വള്ളത്തോളിന്റ നിരൂപണ സവിശേഷതകൾ

നിരൂപണത്തിനു വിധേയമാക്കുന്ന കൃതിയുടെ അക്ഷര പ്രയോഗം മുതൽ ഭാഷാശുദ്ധി വരെ നിരീക്ഷിച്ച് ആശയ സമൃഷ്ടതയും വിലയിരുത്തിയാണ് വള്ളത്തോൾ നിരൂപണം നടത്തുന്നത്.സൂക്ഷ്മ നിരീക്ഷണം, കവിമനസിലൂടെയുള്ള വായന താരതമ്യപരമായ നിരൂപണം ,പരിഭാഷാകൃതികളുടെ നിരൂപണത്തിൽ മൂലകൃതി മനസിരുത്തി വായിച്ചതിനു ശേഷമുള്ള നിരൂപണ ശൈലി, സാഹിത്യകാരന്റെ ഭാഷ സാഹിത്യ വാസനകൾ അളന്നെടുത്തുള്ള വിമർശനം, ആശയപരമായ നിരൂപണം, നിശിത വിമർശനത്തിന് യാതൊരു മടിയുമില്ലാത്ത നിരൂപണ ശൈലി ,സാമൂഹ്യപ്രാധാന്യം എന്നിവയാണ് വള്ളത്തോളിന്റ പൊതുവായ നിരൂപണ ശൈലി . പൊതുസ്വഭാവത്തിനപ്പുറം ഓരോ കൃതിയുടേയും സ്വഭാവം അനുസരിച്ച് അവയെ വേണ്ട വിധം നിരൂപണം നടത്തുന്നതിലും അദ്ദേഹം വിജയിച്ചിട്ടുണ്ട്.

നിരൂപണഘട്ടത്തിൽ ഓരോ കൃതിയും എത്രമാത്രം സാമൂഹിക പ്രാധാന്യം ഉൾള്ളതാണെന്ന് വള്ളത്തോൾ പരിശോധിക്കുന്നുണ്ട്.അമ്മുവിന്റെ ഭാഗ്യത്തിൽ നായകൻ ആദ്യമായി നായികയോട് സംസാരിച്ച സ്ഥലത്തിൻറെ അക്കാലഘട്ടത്തിലെ സാമൂഹിക പ്രശ്നം ഈ പരിഭാഷയിൽ വള്ളത്തോൾ എടുത്തു പറയുന്നുണ്ട്.നമ്മുടെ സാമൂഹ്യ വ്യവസ്ഥയ്ക്ക് അനിയോജ്യമല്ലാത്ത വൈദേശികമായ ചില സന്ദർഭങ്ങളും സ്വഭാവരീതികളും ഈ ആഖ്യായികയിൽ കടന്നു കൂടിയതിൻറെ അനൌചിത്യം വള്ളത്തോൾ എടുത്തു പറയുന്നു.കുട്ടികൾക്കായി രചിച്ച പ്രതാപസിംഹനിൽ കുട്ടികൾക്ക് അനുയോജ്യമല്ലാത്ത കഠിനമായ ഭാഷയിലാണ് രചന നടത്തിയിരിക്കുന്നത്.കുട്ടികളോട് യാതൊരു സാമൂഹിക പ്രതിപത്തിയും കാട്ടാതെ കുട്ടികൾക്ക് വേണ്ടി രചിച്ച കൃതിയാണിതെന്നു വള്ളത്തോൾ വിലയിരുത്തുന്നു.ശാസ്ത്ര ഗ്രന്ഥത്തിന് ഉണ്ടാകേണ്ട സൂക്ഷ്മതയില്ലാതെ രചിച്ച ഗ്രന്ഥമാണ് കേരളപാണനീയം എന്ന് വള്ളത്തോൾ പറയുന്നു.ഇത്തരത്തിൽ നിരൂപണം ചെയ്ത എല്ലാ കൃതികളേയും സമൂഹത്തോട് ബന്ധപ്പെടുത്തി നിരൂപണം നടത്തുന്നതിൽ വള്ളത്തോൾ ശ്രദ്ധിച്ചിട്ടുണ്ട്.

വള്ളത്തോളിന്റെ നിരൂപണം വായിച്ചു കഴിഞ്ഞാൽ മൂല കൃതി വായിച്ചതിലും അധികം തൃപ്തി കിട്ടിയ അനുഭൂതിയാണ്. പദാനുപദ നിരീക്ഷണത്തിലൂടെയും ആശയപുനർ വിചിന്തനത്തിലൂടെയും കൃതിയുടെ ആഴങ്ങളിലേയ്ക്ക് ഇറങ്ങി ചെല്ലുന്നതാണ് വള്ളത്തോളിൻറെ ഓരോ നിരൂപണങ്ങളും. ഇതുയും ഭാഷയറിഞ്ഞ് ജ്ഞാനം ഉൾക്കൊണ്ട് ആത്മാർഥമായി നിർവഹിക്കപ്പെട്ട നിരൂപണങ്ങൾ മലയാളത്തിനു കിട്ടിയ

അമൂല്യ സമ്പത്താണ്.

ഗുരു

അഭിരാമി 9A

കവിത

വലം കൈയ്യാൽ ശാസിച്ചാ ൽ .....
ഇടം കൈയ്യാൽ തലോടുന്ന.....
ഗുരുനാഥയ്ക്കാത്തിരി.....
സ്നേഹാർദ്രമാം നറുംപൂക്ക ൾ.....
ശാന്തമാം വാക്കിന്നുള്ളി ൽ .....
വാത്സല്യം ഒളിപ്പിച്ചും.....
സ്നേഹമാം തലോടലിൽ.....
നന്മകളോളിപ്പിച്ചും.....
പിഞ്ചു ബാല്യങ്ങൾ തൻ നോവകറ്റിടുവാൻ.....
സ്നേഹ മധുരം വിളമ്പുന്ന നിത്യവും .
സ്നേഹവും ആ തലോടലും .....
ഒന്നനുഭവിച്ചീടുവാൻ.....
എത്രയോ ഞാനിന്ന കൊതിച്ചിടുന്നു.....
കരുണയും നന്മയും ഒന്നായ് വിളങ്ങുന്ന.....
ദൈവാംശമുള്ള ഗുരുവേ നമിയ്ക്കുന്നു.
ചിന്തയിൽ നന്മ വിളങ്ങീടുമ്പോൾ.....
ചെയ്തിയും നന്നായ് തീർന്നീടുന്നു.....
വാക്കുകൾ നന്നായ് പകർന്നീടുമ്പോൾ.....
വന്പന്മാർ പോലും ഇണങ്ങീടുന്നു.
കരുണയും കനിവും പ്രവൃത്തിയാക്കി.....
വൈരികൾക്കൊത്തിരിനന്മചെയ്യും.....
ഈകലാലയത്തിന്റെനന്മയായ.....
ഗുരുവെ നമിയ്ക്കുന്നു.....
കൈ കൂപ്പിടുന്നു .....

ലിറ്റിൽ കൈറ്റ്സ്

അഭിജിത്ത് ബി എൽ

അഭിനന്ദ് പി ആർ

അഭിരാമി ജെ

അഭിഷേക് എസ് പി

ആദിത്യൻ എ എസ്

ആദിത്യൻ യു

അജിന ബി എൽ

അക്ഷയ് ബി എ

അമൽ കെ

അമൃത നെൽസൺ

അനഘനന്ദ ജെ ബി

ആനി എ ബി

അപർണ്ണ എ

അശ്വസ്നേഹ എ ജി

അശ്വതി ചന്ദ്രൻ എസ്

ആതിര എം

ലിറ്റിൽ കൈറ്റ്സ്

ബിനോയ്

ഗോപിക ജെ എം

ഹരിഗോവിന്ദ്

ജിൻസി ജോയ്

ജിഷ്ണു സി എസ്

ജോയൽ വി സാം

കാവ്യ ജെ എസ്

മീന വി ബി

നയന

രേഷ്മ രാജൻ

റോഷൻ പി എസ്

സംഗീത

ശ്രീലക്ഷ്മി

സ്വപ്ന വി ജോയ്

വിഷ്ണു വാര്യർ

വിനയൻ വി

ലിറ്റിൽ കൈറ്റായ ജിഷ്ണ സി എസിന്റെ ചിത്രങ്ങൾ

മനുഷ്യത്വം കഥ

ദൃശ്യ. എം വാര്യർ 10 A

വൈകുന്നേരം. സൂര്യൻ പടിഞ്ഞാറേ അരികു ചേർന്ന് മയങ്ങാൻ തുടങ്ങി. അകത്തെ മുറിയിലെ ജനലരികിൽ ദക്ഷിണായന കാലത്ത് നേരത്തെ ഇരുട്ട് പരക്കുന്നത് നോക്കി അവൾ നിന്നു. മുറ്റത്ത് ആരുടെയൊക്കെയോ അവ്യക്തമായ സംസാരം. അച്ഛന്റെ സംസാരം മാത്രം ഉച്ചത്തിൽ കേൾക്കുന്നു.അപ്പോഴാണ് മുറ്റത്ത് നിന്ന് ഒരു എല്ലും തോലുമായ ഒരു പതിനെട്ടുകാരൻ കരഞ്ഞു കൊണ്ട് അവൾ നിന്ന ജനരികിലെ വഴിയിലൂടെ നടന്നു പോകുന്നു

"മനുഷ്യത്വം ഇല്ലാത്ത മനുഷ്യർ .ഇവരുടെ ഇടയിൽ ജീവിക്കുന്നതിനേക്കാൾ നല്ലത് മരണമാണ്. അവൻ പിറുപിറുത്തു കൊണ്ട് താഴെ നീണ്ടു നിവർന്നു കിടക്കുന്ന വഴിയിലേയ്ക്ക് നടന്നു പോകുന്നത് അവൾ നോക്കി നിന്നു.അവനെ കണ്ടപ്പോൾ വല്ലാത്ത ദയനീയത തോന്നി.കാര്യം എന്താണെന്ന് അവൾക്കു മനസിലായില്ല.അവൾ മുറ്റത്തേയ്ക്കിറങ്ങിയപ്പോൾ അച്ഛനും അയലത്തെ പ്രേമ ചേച്ചിയും അമ്മയും നിൽപ്പുണ്ട്.ഒപ്പം അദ്ദേഹവുമുണ്ട്.അച്ഛൻ എന്തൊക്കെയോ ഉറക്കെ ആരെയോ ചീത്ത പറയുന്നു.അവൾക്ക് ഒന്നും മനസിലായില്ല.

"സന്ധ്യയ്ക്ക് അവൻ പാഞ്ഞു വന്നിരിക്കുന്നു ഇവനെയൊക്കെ എങ്ങനെ വിശ്വസിക്കും എന്തിനാണ് വരുന്നതെന്ന് ആർക്കറിയാം" എന്ന് അച്ഛൻ അദ്ദേഹത്തിൻറെ മുഖത്ത് നോക്കി പറഞ്ഞു കൊണ്ട് പറമ്പിലേക്ക് പോയി അപ്പോഴാണ് പ്രേമ ചേച്ചി അവളുടെ അടുത്തേയ്ക്ക് വിഷമത്തോടെ വന്നത്.അവൾ ചേച്ചിയുടെ മുഖത്തേയ്ക്കു നോക്കി

"മായേ .....ഒരു പയ്യൻ, നെയ്യാറ്റിൻകരയിൽ ബി ബി എ യ്ക്ക് പഠിയ്ക്കുന്ന കുട്ടി.അവൻ അവൻറെ പഠനത്തിൻറെ ഭാഗമായി സാധനങ്ങൾ വിൽക്കാൻ വന്നതാ. അവന് ഇന്നത്തെ ഹാജർ കിട്ടി മിനിമം മാർക്കിലെത്തൻ ഇനി 2 പോയിൻറു വേണം.അതിനു വേണ്ടിയാ അവന് ഈ ത്രിസന്ധ്യ നേരത്ത് ഓടി വന്നത്. ഒരുപാട് സ്ഥലത്ത് അലഞ്ഞു തിരിഞ്ഞു നടന്നിട്ടും ആരും ഒന്നും വാങ്ങിയില്ല.മായയുടെ അച്ഛൻ അവനെ ഒത്തിരി വഴക്ക് പറഞ്ഞു .അവൻറെ നെഞ്ചു പൊട്ടിയാണ് അവൻ ഇവിടെ നിന്നിറങ്ങിയത്. പാവം അവൻ" പ്രേമ ചേച്ചി വിഷമത്തോടെ പറഞ്ഞു

അപ്പോഴാണ് അവൻറെ നെഞ്ചു തകർന്നുള്ള ആ പോക്ക് അവൾ ഓർത്തത് അവളുടെ നെഞ്ച് വല്ലാതെ പിടഞ്ഞു. ഈ സ്ഥാനത്ത് തൻറെ മകനായിരുന്നെങ്കിലോ എന്ന് അവൾ ഓർത്തുപോയി. സിറ്റൗട്ടിൽ വേദനയോടെ അവൾ ആ നിൽപ്പ് നിന്ന്. മറ്റൊരാളുടെ വീട്ടു മുറ്റത്തു എത്തുമ്പോൾ ആട്ടിപ്പായിയ്ക്കുംപോഴുള്ള വിഷമം എത്ര വലുതാണ് അവൾ ഓർത്തു. സ്വന്തം അഭിമാനത്തെ അത് തകർത്തു കളയും അതും പടനാവ്ഴ്ശ്യത്തിനു എത്തിയപ്പോൾ.

"ഇവന്മാരൊക്കെ ആരാണെന്ന് ആർക്കറിയാം എന്ന് പിറ് പിറുത്തു കൊണ്ട് അദ്ദേഹം അകത്തേയ്ക്ക് പോയി".

"മായേ അവൻ തിരികെ വരുകെയാനെങ്കിൽ നീ ഏതെങ്കിലും സാധനം വാങ്ങണം. നിനക്ക് വേണ്ടെങ്കിൽ അത് ഞാൻ പിന്നീട് കാശ് തന്നെടുതോലാം ഇപ്പോൾ എൻറെ കയ്യിൽ കാശില്ല.അവളും അത് മനസ്സിൽ ഉറപ്പിച്ചതാണ്.അപ്പോഴാണ് അവൻ പോയ വഴിയിൽ നിന്ന് അവളുടെ വലിയമ്മയുടെ മകൾ സുജാത വീടിലെയ്ക്ക് കയറി വന്നത്.

"അവിടെ ഒരു പയ്യൻ താഴെ നിന്ന് കരയുന്നു. പഠനത്തിൻറെ ഭാഗമായി നെയ്യാറ്റിൻകരയിൽ നിന്ന്

വന്നതാ" സുജാത ചേച്ചി പറഞ്ഞു.മുന്പോരിയ്ക്കൾ ഇത് പോലെ ഒരു പെൺകുട്ടി വന്നു വീട്ടു മുഴുവൻ തളർന്നിരുന്നു.പഠനത്തിൻറെ ഭാഗമായി ഇവരെന്തിനാ കുട്ടികളെ ഇങ്ങനെ കഷ്ടപ്പെടുത്തുന്നത്. സുജാത ചേച്ചി തൻറെ ഓർമ്മയിലെ കാര്യം പറഞ്ഞു

അപ്പോഴാണ് അവൻ വെച്ച് വെച്ച് പോയ വഴിയെ നമ്മുഷിരസ്സനായി തിരിച്ചു പോകണോ വേണ്ടയോ എന്ന് ആലോചിച്ച് തിരികെ വരുന്നത് അവൾ കണ്ടത്

"പ്രേമചേച്ചി അവനെ വിളിയ്ക്കു" .....അവൾ യാന്ത്രികമായി പറഞ്ഞു.

പ്രേമച്ചേച്ചി അവനെ വിളിച്ചു "മോനെ വാ" .....

അവൻ അവിടെ നിന്ന് കയറണമോ വേണ്ടയോ എന്നാലോചിച്ച്

എന്നിട്ട് പേടിച്ചു പേടിച്ചു മുറ്റത്തേയ്ക്ക് വന്നു. മിണ്ടാതെ നിന്നു.

"നിൻറെ ഐഡന്റിറ്റി കാർഡ് എടുക്ക്."

അകത്തു നിന്ന് അദ്ദേഹം അവനോടു പറഞ്ഞു കൊണ്ട് പുറത്തു വന്നു

"സർ എനിയ്ക്കെതിരെ പരാതി കൊടുക്കാനാണോ" അവൻ ഐഡന്റിറ്റി കാർഡ് കൊടുക്കാൻ മടിച്ചു.അദ്ദേഹം ഒന്ന് കൂടെ ചോദിച്ചു അവൻ മടിച് മടിച്ചു കൊടുത്തു.

ഐഡന്റിറ്റി കാർഡ് വാങ്ങി നോക്കി തിരിച്ചിയായ ശേഷം "നിൻറെ കയ്യിൽ കാശുണ്ടെങ്കിൽ നീ വാങ്ങ്" അവളോട് പറഞ്ഞിട്ട് എന്ന് പറഞ്ഞു അകത്തു പോയി.

അപ്പോൾ അവനു ആരും ഒന്നും വാങ്ങണം എന്നില്ലായിരുന്നു.നിസംഗഭാവം.ആകെ അവൻറെ കയ്യിൽ ഉള്ളത് തേയില പൊടിയും സോപ്പ് പൊടിയും ഫുഡ് കണ്ടയ്നറും മാത്രമായിരുന്നു .ഒന്നും അവൾക്കു ആവശ്യം ഇല്ലായിരുന്നു അവൾ തെയിലപ്പൊടി വാങ്ങി .2 ബോട്ടിൽ ഇരിപ്പുണ്ട് എങ്കിലും അവൻറെ ഒരു മാർക്കിനു വേണ്ടി അവളതു വാങ്ങി.

ഇനി ഒരു മാർക്ക് അവൻ പിരുപിരുത്ത് കൊണ്ട് എഴുന്നേൽക്കാൻ തുടങ്ങി

.ആ ഒരു മാർക്ക് കൂടെ ഞാൻ തരാം ആ സോപ്പ് പൊടി കൂടെ തരു. അവന്റെ മുഖം വിടർന്നു എങ്കിലും അവന്റെ മുഖത്ത് ചിരി പടർന്നില്ല

"എന്തും കച്ചവട വസ്തു ആകുന്ന ഈ ലോകത്ത് കച്ചവട തന്ത്രം അറിയാത്തവൻ വിഡ്ഢി.അവനു ഈ കാലത്ത് ജീവിയ്ക്കാൻ കഴിയില്ല. സെന്റിമെൻസു പോലും വില്പനതന്ത്രമാക്കുന്ന ഈ കാലമാണ് നമ്മുടെ മുന്നിലെ വെല്ലുവിളി." അവൾ അവനോട് പറഞ്ഞു

സോപ്പ് പോടീ എൻറെ നേർക്ക് നീട്ടിയിട്ട് അവൻ അവളോട് പറഞ്ഞു ഇന്ന് കഴിച്ചത് വെറും ഡ്രിങ്ക്സും പപ്സും ആണ്. എങ്കിലും ഇപ്പോൾ വയറു നിറഞ്ഞു.എൻറെ മനസും. ചിലപ്പോൾ ഈശ്വരൻ മുന്നിൽ വരുന്നത് മനുഷ്യരൂപത്തിൽ ആണെന്ന് കേട്ടിട്ടുണ്ട്. ഇപ്പോൾ ഞാനത് അനുഭവിച്ചു.



Painting by Licy Tr.

നാളേയ്ക്കു വേണ്ടിട്ടൊരു തുള്ളി

കവിത

നമ്മൾക്കൊരുങ്ങീടാം നാളേയ്ക്കുവേണ്ടിയീ
ജലമുദ്ധിക്കായിട്ടൊത്തു ചേരാം
നാളേയ്ക്ക വേണ്ടിയീ പോരാട്ടഭ്രമിയിൽ
ജല സമൃദ്ധിക്കായി സംഘടിയ്ക്കാം

മാലിന്യ നിക്ഷേപം വീഥിയിലെങ്ങും
കാണാം നമുക്കിന്നീ രമ്യഭ്രവിൽ
അന്യന്റെ ഭ്രമിയിൽ മാലിന്യ വർജ്ജനം
ധർമ്മമായ് മാറിയോ മാനുഷ്യർക്ക്
ഇന്നു നാം കാണുന്ന തോടും പുഴകളും
നാൾക്കു നാളേറെ വലിഞ്ഞുവലോ
മണ്ണുമീ വെള്ളവും മാലിന്യ നിക്ഷേപ
കേന്ദ്രങ്ങളാക്കി നാം മാറ്റീടുന്നു

നാളത്തെ ജനതയെ ശാസ്ത്രം പഠിപ്പിക്കും
പ്രകൃതിയെ കൊല്ലുന്ന മനുഷ്യർ നമ്മൾ
കുറ്റബോധത്തിന്റെ വസ്ത്രം ധരിച്ചിട്ടു
പശ്ചാത്തപിച്ചിട്ടു കാര്യമെന്തേ
ഇന്നു നാം കാണുന്ന തോടും പുഴകളും
നാളെയീ ഭ്രമിയിൽ കാണുകില്ല
നാളത്തെ മാനുഷ്യർക്കജ്ഞാതമായിടും
തോടും പുഴകളും,ഓർക്കുക നാം

കുന്നുകൾ, പാറകൾ, പാടങ്ങൾ, കാടുകൾ
എല്ലാം നശിപ്പിച്ചു സൗഖ്യം കാത്തു
മുന്നേറീടുന്നൊരു മാനവർ നാമിന്നു
നാമിരിപ്പോരെ മരം മുറിപ്പൂ.
എവിടെത്തിരിഞ്ഞാലും മലിനജലാശയം
അതിമലിനം തന്നെയീ ഭ്രമിയും
നാമിന്നു ചെയ്യുന്ന ക്രൂര പ്രവർത്തികൾ
നമ്മൾക്ക് നാളെ വിനയായിടും
ഇന്നീ മനുഷ്യർ നാമൊരു തുള്ളി നീരിനായി

അങ്ങോട്ടുമിങ്ങോട്ടും ഓടിടുന്ന
മാലിന്യനിക്ഷേപ കേന്ദ്രങ്ങളാക്കിയ
പുഴകളെ കണ്ടിടാമെങ്ങുമെങ്ങും.

ഭൂമിയെ കൊല്ലുന്ന മാനമാ , ജീവന്റെ–
യുത്ഭവം ഭൂമിയാണെന്നറിയൂ
മാലിന്യ നിർമാർജ്ജനം സ്വയമായില്ലേൽ
മാലിന്യമായിടും മണ്ണിൽ നമ്മൾ

നമ്മൾക്കൊരുങ്ങീടാം നാളേയ്ക്ക വേണ്ടിയീ
മണ്ണിൽ ജലം കാക്കാനൊത്തുചേരാം
നല്ലൊരു നാളേയ്ക്കായ് പുണ്യമീ
ഭൂമിയിൽ തണ്ണീർ സമൃദ്ധിക്കായ് സംഘടിക്കാം



സ്മൃതി കവിത

ആത്മാവിൻ ആരാമ വീഥിയിലെന്നോ
മിന്നിമാഞ്ഞൊരാ സ്വപ്നത്തിൻ
തേരിലേറി ഞാൻ എന്തിനോ
വെറുതെ പാറിപ്പറന്നെത്തി
എൻ മോഹമാസ്മരികതയിൽ നിന്ന്
ഉതിർന്ന വീഴും പാഴ്കിനാവോ!

ആതിര തെന്നലിൽ ആശ്ലേഷം
അന്നെൻ മനതാരിലാരോ
എന്നാത്മനൊമ്പര വീണമീട്ടി
തേടുകയായിരുന്ന ഞാനൊരു മാണിക്യവീണയെ
ശ്രുതിമീട്ടിയെൻ ഹൃത്തടം പുൽകവെ!

ആഹ്ലാദചിത്തയായ് മാറിയൊരാ നിമിഷം
മൺചിരാതിൽ നിറയും പൊൻകനമോ
പൂത്തുലഞ്ഞു പരിമളം പരത്തവെ
പാരിജാതത്തിൻ ചോട്ടിലെത്തീ നീ,
എൻ മനമഞ്ചത്തിൽ നിവേദ്യം നിവേദിക്ക
ആർദ്രമീ ആഷാഢ രാവുകൾ എത്രയോ മാഞ്ഞുപോയ്

ആർദ്രമീ സ്നേഹത്തിൻ ആരാമവീഥിയിൽ,
ആവണിപൂക്കളായി കൊഴിഞ്ഞ് വീണൊരാ ഇതളുകൾ
കോർത്തെടുത്തു ഞാൻ സ്മൃതി തരംഗമായി
ഹൃത്തമാകെ അർപ്പിച്ച പൂജാപുഷ്പമായി
എൻ മണിച്ചിമിഴിൽ കത്തും ദീപമായ്
ഏതോ കോണിലെന്നും മായാതെ തങ്ങി നിൽപ്പൂ.

വിറയാർന്ന വീണ തൻ ശ്രുതി ഇടറവേ
രാവിൻ രാഗമാലയായി തെളിയവേ
താളം പിഴയ്ക്കവേ ജീവചക്രത്തിൻ ക്രീഡകൾ
ഓർമ്മകൾ ഓളമായ് പെയ്തിറങ്ങവേ!

വേഗേന സ്പന്ദിപ്പൂ നിമിഷവും ചിത്തം
വിധി തൻ വിപഞ്ചിയിൽ വീണലയവേ
ആകാശനീലിമകോലുമീ സന്ധ്യയിൽ
ആ ദീനരോദനമിന്നാരു കേൾപ്പൂ.....?

ഖിന്നതയാര്ന്നൊരാ നിമിഷത്തിൻ നോവുകൾ
മറവിയാം ഔഷധമോ മുറിവുണക്കവേ

മാധുര്യമേറുമീ പീയൂഷമോ ഇല്ലാതിരുന്നെങ്കിൽ.....!
ജീവിതമെന്നും നരകതുല്യം സഖേ
സന്താപ സന്തോഷ സമ്മിശ്ര ജീവിതം
ധന്യം വിചിത്രം അനന്ത സാഗരം.

ശ്രീജ എസ്.കെ
എച്ച്. എസ്സ് . എ. ഹിന്ദി

സ്കൂളിലെ എൻ.എസ്സ്.എസ്സ്. വിഭാഗം

കമ്പിളി നാരങ്ങ കഥ

ഡോ. പ്രീയങ്ക പി യൂ

മൊബൈൽ ശബ്ദിച്ചപ്പോൾ ക്ലാസ്സിൽ ആയതിനാൽ എടുക്കണ്ട എന്നാണ്ട കരുതിയതെങ്കിലും നമ്പരിലേയ്ക്ക് ഒന്ന് നോക്കി ഈശ്വരാ മോന്റെ സ്കൂളിൽ നിന്നാണല്ലോ നെഞ്ചിലൊരു ആളിക്കത്തൽ അവൻ വീണിട്ടുണ്ടാകുമോ ?അതോ പനിയെങ്ങാനും ...നെഞ്ചിടിപ്പ് കൂടി.....

അവിടെ ടീച്ചർ എന്നതിലുപരി എന്റെ മാതൃത്വം എന്നെ ഉണർത്തി. ഞാൻ പെട്ടെന്ന് ഫോൺ എടുത്തു.ഫോണിന്റെ മറുതലയ്ക്കൽ മോന്റെ നഴ്സറിയിലെ ആയ അമ്മിണി ചേച്ചിയുടെ ശബ്ദം. ടീച്ചർ ഇന്ന് മോന്റെ കയ്യിൽ എന്താ കൊടുത്തു വിട്ടത് അവർ ചോദിച്ചു പ്രത്യേകിച്ച് ഒന്നും കൊടുത്തു വിട്ടില്ല ഞാൻ പറഞ്ഞു ഇല്ല അവന്റെ കയ്യിൽ ഒരു കമ്പിളി നാരങ്ങ ഉണ്ടായിരുന്നു അപ്പോഴാണ് ഞാനും മോനും കൂടെ രാവിലെ കമ്പിളി നാരങ്ങ പറിക്കാൻ പോയ കാര്യം ഞാൻ ഓർത്തത് . രണ്ട് കമ്പിളി നാരങ്ങ ഞാൻപറിച്ചെടുത്തു. സ്കൂളിലേയ്ക്ക് ഇറങ്ങാൻ നേരത്ത് ഒരെണ്ണം എടുത്തു ഞാൻ എന്റെ ബാഗിൽ വച്ചപ്പോൾ അവൻ ചോദിച്ചു എന്തിനാ അമ്മേ ഇത് ബാഗിൽ വച്ചതെന്ന്.ഞാൻ പറഞ്ഞു നീതു ടീച്ചറിന് കൊടുക്കാനാണെന്ന്.

അപ്പോൾ അവൻ വീണ്ടും ചോദിച്ചു എന്തിനാ അമ്മ നീതു ടീച്ചർക്ക് കമ്പിളി നാരങ്ങ കൊടുക്കുന്നത് ടീച്ചറെ എനിക്ക് ഇഷ്ടമായതുകൊണ്ട് ഞാൻ പറഞ്ഞു

സമയമായതു കൊണ്ട് ഞാൻ പിന്നെ സ്കൂളിലേയ്ക്ക് പോകാൻ ഇറങ്ങുകയും ചെയ്തു. ഇത്രയും സംഭവമാണ് രാവിലെ നടന്നതെന്ന് ഞാൻ ഓർത്തു. അപ്പോഴാണ് അമ്മിണി ചേച്ചി മടിച്ചു മടിച്ചു ഒരു കാര്യം പറഞ്ഞത് മോൻ ഒന്ന് വീണു .എന്റെ ഊഹം ശരിയായി നെഞ്ചിടിപ്പ് കൂടി സാരമില്ല ചുണ്ട് ചെറുതായി ഒന്ന് പൊട്ടിയതേ ഉള്ളൂ എങ്ങനെയാ മോൻ വീണത് ഞാൻ ചോദിച്ചു ഞാൻ പറയാം അമ്മിണി ചേച്ചി തുടർന്നു അവൻ കമ്പിളി നാരങ്ങ ബാഗിലിട്ട് കുറുക്കിൽ തൂക്കിയിരുന്നു ആ ഭാരം കാരണം അവന് നടക്കാൻ കഴിയാതെ ചെരുപ്പ് തട്ടി വീണതാണ്. വീണപ്പോൾ ഞാൻ ഓടിപ്പോയെടുത്തു നല്ലകരച്ചിലായിരുന്നു കരച്ചിലൊന്ന് ശമിച്ചപ്പോൾ ബാഗ് തുറന്നു അവൻ കമ്പിളി നാരങ്ങ എന്റെ നേർക്ക് നീട്ടി എന്നിട്ട് പറഞ്ഞു ഇഷ്ടമുള്ളവർക്ക് കൊടുക്കാനുള്ളതാണ് കമ്പിളി നാരങ്ങ എന്ന് അമ്മ പറഞ്ഞു എനിക്ക് ഇഷ്ടം അമ്മിണി ആന്റിയെ ആണ് .ഇത്രയും പറഞ്ഞു അമ്മിണി ചേച്ചി ഫോൺ വച്ചു അപ്പോൾ എന്റെ ഉള്ളൊന്നു പിടയുകയും ഒപ്പം സന്തോഷിക്കുകയും ചെയ്തു. പങ്കുവയ്ക്കലിന്റെ ആദ്യപാഠങ്ങൾ അവൻ മനസിലാക്കി എന്നോർത്തു ഞാൻ സന്തോഷിച്ചു .

പക്ഷെ അധ്യാപന ജീവിതത്തിനിടയിൽ ഞാൻ അവന് നഷ്ടമാക്കുന്ന മാതൃ വാത്സല്യം അമ്മിണി ചേച്ചിയിൽ കണ്ടെത്താൻ ശ്രമിച്ചതാണെന്ന സത്യം എന്റെ മനസ്സിനെ നൊമ്പരപ്പെടുത്തി കൊണ്ടേയിരുന്നു .

വായന

മീനു വി ബി.

പേജിൽ മഷിനനവു വായന
അറിവു നേടി വളരുവാൻ വായന
മറവിരോഗങ്ങൾക്കു മരുന്നു വായന
ചിന്തകൾക്കു ചന്തമേകും വായന
ചിറകുനൽകി വരമേകും വായന
ദുഃഖങ്ങളകറ്റിടുന്ന വായന
പിരിമുറുക്കം മാറ്റുന്ന വായന
ലക്ഷ്യബോധം നൽകിടുന്ന വായന
ജീവിരക്ഷയായി മാറുന്ന വായന
കടലാസിനഴകാണ് വായന

എഴുത്തച്ഛൻ

ഇദ്ദേഹത്തെ ആധുനിക മലയാള ഭാഷയുടെപിതാവ് എന്ന് വിളിക്കുന്നു. പൊന്നാനി താലൂക്കിൽ തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിനു പടിഞ്ഞാറുള്ള തുഞ്ചത്ത് തറവാട്ടിലാണ് ജനിച്ചതെന്ന് വിശ്വസിക്കുന്നു. സംസ്കൃതം,വേദാന്തം,തമിഴ് തുടങ്ങിയവ അഭ്യസിച്ചു. എ.ഡി.16-ാം ശതകത്തിൽ ജീവിച്ചിരുന്നതായി കരുതുന്നു.

അധ്യാത്മരാമായണംകിളിപ്പാട്ട്, ഭാരതം, ഭാഗവതം കിളിപ്പാട്ട്, ചിന്താരത്നം, കൈവല്യനവനീതം, ഉത്തരരാമായണം, ഹരിനാമകീർത്തനം തുടങ്ങി ഒട്ടേറെ കൃതികൾ എഴുത്തച്ഛനേറതാണെന്ന് വിശ്വസിക്കപ്പെടുന്നു. സംസ്കൃതപദങ്ങൾ ഇടകലർന്നതെങ്കിലും ലളിതഭാഷയിലൂടെ നാടൻ വൃത്തങ്ങളിലൂടെ മലയാള സാഹിത്യത്തിനും ഭാഷയ്ക്കും സ്ഥായിത്വം നൽകിയത് ഇദ്ദേഹമാണ.

ജിൻസി എസ്

ഓർമകളിൽ എന്റെ വിദ്യാലയം

സ്നേഹത്തിൻ ചോലയിൽ കളിവീണമീട്ടുന്ന
പ്രിയമുള്ള എൻ കളിക്കൂട്ടുകാരി
അക്ഷരപ്പടിവാതിൽ താഴ് വരകളിൽ വന്ന
നീ ഇന്നീ മുറ്റത്തെ കളിക്കൂട്ടുകാരി.....
മാധുര്യ മേറുന്നൊരാദ്യാക്ഷരം
പുസ്തകത്താളിൽ നകർന്നീലയോ.....
ഗുരുവിൻ കളരിയിൽ മാർഗാക്ഷരം
വെളിച്ചമായ് എന്നിൻ വളർന്നീലയോ
സൗഹൃദതണൽ മേഞ്ഞ ആനാളുകൾ
വിസ്മയക്കൂടിന്റെ ഓർമകളായ്.....
കരുത്താർന്ന സ്നേഹതലോടലുമായ്
കൂടെ ആ കൂട്ടിൽ വളർന്നീലയോ?
വിരൾത്തുമ്പിൽ കളിയാടി ആദിനങ്ങൾ
പടവുകൾ തങ്ങി മറഞ്ഞുപോയി
പുഞ്ചിരിതങ്ങിയ ആ ഓർമകൾ
പടിക്കലെ കണ്ണീർ കണങ്ങളായി
കരൾക്കാമ്പു നീറുന്ന വേദനയാലിന്നു
പടി ഇറങ്ങുന്നു നാമീ കളരി
കഴിഞ്ഞു പോകും കാലത്തിൻ ഓർമകളെ
തനിച്ചാക്കി നാമിന്നു പോയ്മറയേ
ഓർമകളായി ആ കളിചിരികൾ
മായാത്തമങ്ങാത്ത ദീപങ്ങളായ്.....
മായാത്തമങ്ങാത്ത ദീപങ്ങളായ്.....

അനുപമ അനിൽ 10 എ



മധുരം മലയാളം

പഥികൻ

നോവും മധുരവും നുണഞ്ഞുകൊണ്ടെന്തോ
തേടിയലയുന്നൊരീയാത്രയിൽ
വർത്തമാനത്തിന്റെയാഴിയിലെത്തിയോർ
എത്രയോസൂര്യോദയങ്ങൾകൊഴിഞ്ഞുപോയ്
എത്ര വസന്തക്കരങ്ങൾ തൊട്ടാരോ
തട്ടിയുണർത്താനടുത്തണഞ്ഞെങ്കിലും
ക്രൂരിരുട്ടിൽനാമിപ്പോഴും തപ്പുന്നു.
കൊക്കിലൊതുങ്ങാത്തതൊക്കെയും
കൊത്തിവിഴുങ്ങിക്കിതക്കുവോർ
നഷ്ടബോധത്തിന്റെ പട്ടടയ്ക്കുള്ളിൽ-
ക്കിടന്നിപ്പോഴും പിടയ്ക്കുന്നു.
രക്ഷകനെത്തേടിയലയുവോർക്കറിയില്ല,
നമ്മൾതൻ രക്ഷകൻ മറ്റൊരാളല്ലെന്ന സത്യം...

സുരേഷ് കുമാർ ജെ
മലയാളം അധ്യാപകൻ

സ്കൂൾ എൻ. സി. സി

ചിങ്ങപ്പൂവിളി

വിഷ്ണു വാര്യർ 9 c

ചിങ്ങപ്പൂവിളി പൊങ്ങുന്നു
മങ്ങിയ മാനം തെളിയുന്നു
പൊന്നോണം പാടുന്നു
പൊന്നോണം വന്നണയുന്നു

അല്ലിപ്പൂവിൽ ചാഞ്ചാട്ടം
മുല്ലക്കുടിലിനു കളിയാട്ടം
മാമല മേടിനു മയിലാട്ടം
കാട്ടും മേട്ടും പൂത്തല്ലോ
കണ്ണിൽ കവിതവിരിഞ്ഞല്ലോ
പൂക്കൾക്കെല്ലാം പൊന്നോണം
പൂമ്പാറ്റയ്ക്കും പൊന്നോണം
ഉത്രാടകാറ്റെത്തുന്നു
ഉത്സവഘോഷം പോങ്ങുന്നു
തിത്തെയ് തിത്തെയ് തിരുവോണം
തിത്തെയ് എന്നോരു തിരുവോണം

പപ്പടം

പരത്തിപ്പറഞ്ഞാൽ പപ്പടം

ഒതുക്കിപ്പറഞ്ഞാൽ പപ്പടം
വേഗം പറഞ്ഞൽ പപ്പടം
അത് ചുട്ടെടുത്തൊന്നമർത്തിയാൽ പപ്പടം
ജീവിതം പൊടിപൊടിക്കാൻ പപ്പടം
ഓണം വന്നാലുംഉണ്ണി പിറന്നാലും പപ്പടം

എണ്ണയിലിട്ടാൽ വീർക്കും
നാവിൽവച്ചാൽ അലിയും
അമ്പിളിമാമന്റ ചന്തവും
അമ്മയുടെ സ്നേഹത്തിൻ മധുരവും
ഒണത്തപ്പന് പപ്പടം
പടപടാന്നിരിക്കണ പപ്പടം

ശ്രുതി 8c

ഐതീഹ്യ കഥ *സ്വപ്ന ജോയ് 9B*

വാമനപുരം എന്ന രാജ്യത്തെ രാജാവാണ് മഹാബലി .അദ്ദേഹം ഭരിച്ചിരുന്ന കാലം ആ നാട്ടിൽ ആർക്കും ഒന്നിനും കുറവില്ല, കള്ളമില്ല, ചതിയില്ല, കൊലയില്ല അതുക്കു നല്ല രീതിയിലാണ് രാജ്യം ഭരിച്ചിരുന്നത്. അദ്ദേഹം ഒരു വലിയ ദാനശീലനാണ്.

മഹാബലിയുടെ ഭരണം കണ്ട് ദേവലോകത്തെ രാജാക്കൻമാർ അസൂയ പൂണ്ടു. അങ്ങനെ രാജാക്കന്മാർ മഹാവിഷ്ണുവിനോട് പരാതി പറഞ്ഞു. മഹാവിഷ്ണു അവരെ സമാധാനിപ്പിച്ചു. ഈ കാരണങ്ങൾക്ക് പരിഹാരമായി മഹാവിഷ്ണു വാമനൻ എന്ന മൂന്നാമത്തെ അവതാരമായി ഭൂമിയിൽ അവതരിച്ചു. വാമനൻ ഉടനെ വാമനപുരത്തെത്തി. രാജാവിനെ മുഖം കാണിച്ച് തനിക്കു തപസ്സു ചെയ്യാൻ മൂന്നടി മണ്ണ് വരം ചോദിച്ചു. അങ്ങനെ ആവട്ടെ എന്ന് മഹാബലി പറഞ്ഞു. അപ്പോൾ വാമനൻ ഒരു അതിശയന്റെ രൂപം പൂണ്ടു. എല്ലാവരും അയാളെ അതിശയത്തോടെ നോക്കി. വാമനൻ ആദ്യം അളന്നത് ആകാശവും സ്വർഗ്ഗവും ആണ്. രണ്ടാമതായി ഭൂമിയും പാതാളവും അളന്നെടുത്തു. *മൂന്നാമത്തെ അടിവയ്ക്കാൻ ഇടമില്ല എന്നു കാണിച്ച് വാമനൻ മഹാബലിയോടു പറഞ്ഞു. ഒന്നും രണ്ടും അടി അളന്നെടുത്ത് മൂന്നാമത്തെ അടിവയ്ക്കാൻ സ്ഥലമില്ല. അതു കേട്ട് മഹാബലി തന്റെ കിരീടം ഊരിവച്ച് വാമനന്റെ മുമ്പിൽ തലകുനിച്ചു കൊടുത്തിട്ടു പറഞ്ഞു. മൂന്നാമത്തെ അടി എന്റെ തലയിൽ ചവിട്ടി താഴ്ത്തിക്കൊള്ളൂ. പക്ഷേ വർഷം തോറും എന്റെ പ്രജകളെ കാണാൻ അനുവദിക്കണം. ആ അപേക്ഷ വാമനൻ സാധിച്ചു കൊടുത്തു.*

ഇക്കാരണത്താൽ വർഷം തോറും ചിങ്ങമാസത്തിൽ മഹാബലി പ്രജകളെ കാണാൻ കേരളനാട്ടിൽ വരുന്ന ദിവസമാണ് മലയാളികൾ ഓണമായി ആഘോഷിക്കുന്നത്

മുക്കുറ്റിപൂവ്

ലിസി ആർ
എസ്.എസ് അധ്യാപിക

കുഞ്ഞിലകൾക്കിടയിലായൊരു
കുഞ്ഞു തുള്ളി പോലൊരു
മുക്കുറ്റി പൂ വിടരുകയായ്.....

കുഞ്ഞുടൻ കുടഞ്ഞുടൻ
മഞ്ഞു തുള്ളി തെറ്റിയപേൽ
